പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.489 18.05.2017 ൽ മറുപടിയ്ക്ക്

## ലോകനിലവാരത്തിലുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.ഐ.ബി. സതീഷ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കായികമേഖലയ്ക്ക് കുതിപ്പേകുന്നതിനും ലോകനിലവാരത്തിലുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനുമായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ; | എ) | മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായിക താരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (സ്പെഷ്യൽ ഇഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം ഇൻ സ്വിമ്മിംഗ് (SETT), ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ കേരളീയ താരങ്ങളെ മെഡൽ നേടുന്നതിന് പര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിവരുന്നത്. കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു ണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, 2020-2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി **"ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"** യും ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>2020-2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |
| ബി) | 'യോഗ ഫോർ ഓൾ, പ്ലേ ഫോർ ഹെൽത്ത്' തുടങ്ങിയ പദ്ധതികൾ ഈ ലക്ഷ്യത്തിനായി എത്രമാത്രം പ്രയോജനപ്രദമാകുമെന്നും ഇവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | ബി) | കായിക മേഖലയ്ക്ക് ഗുണമേകുന്ന തരത്തിൽ കർമ്മനിരതരായ കായിക താരങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് **യോഗ പരിശീലനത്തിനായി** ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. ഇതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രൈമറി തലം മുതൽ കുട്ടികൾക്ക് കായിക വിനോദങ്ങളിലേർപ്പെടുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ |

| | | | |
|---|---|---|---|
| | | | സ്കൂൾ കുട്ടികളെ കായിക ക്ഷമതയുള്ളവരാക്കുന്നതിനായി **പ്ലേ ഫോർ ഹെൽത്ത്** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ ടി പദ്ധതി 5 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി കായിക ക്ഷമത മിഷൻ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതികൾ ലോക നിലവാരത്തിലുള്ള താരങ്ങളെ വാർത്തെടുക്കുന്നതിന് സഹായിക്കുന്നതാണ്. |
| സി) | കായിക വികസനത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും മിനിസ്റ്റേഡിയം നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | സി) | എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേകം നിക്ഷേപ പദ്ധതിയിൽ നീക്കി വച്ചിട്ടുണ്ട്. ഇവയിൽ 18 പ്രോജക്റ്റുകളുടെ ഭരണാനുമതി ലഭിക്കുകയും 16 പ്രോജക്റ്റുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബി യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബി-യിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**